# പൗരസ്ത്യ സുറിയാനി പാട്ട് (Suriyani Group Song)

1. 3 മുതൽ 5 വരെ ആളുകൾ പാടാനും + 2 പേര് Live Orchestra ക്കും അനുവദനീയമാണ്.
2. ഈസ്റ്റ് സിറിയക്ക് ഉച്ചാരണ ശൈലിയിലാണ് പാടേണ്ടത്.
3. ഇൻസ്ട്രുമെന്റ്സ്, കരോക്കെ അനുവദനീയമാണ്.
4. Live Orchestra യ്ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
5. മത്സരത്തിന് 15 മിനിറ്റ് മുൻപ് അവതരിപ്പിക്കുന്ന ഗാനത്തിന്റെ സുറിയാനി Lyrics Stage Manager ക്കു നൽണ്ടേതാണ്.
6. മത്സരത്തിന് 15 മിനിറ്റ് മുൻപ് അവതരിപ്പിക്കുന്ന ഗാനത്തിന്റെ കരോക്കെ ഫ്ളാഷ് ഡ്രൈവ് (MP3 Format) ചെസ്റ്റ് നമ്പർ രേഖപ്പെടുത്തി ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ്. മറ്റ് പാട്ടുകൾ ഈ ഫ്ളാഷ് ഡ്രൈവിൽ ഉണ്ടാവാൻ പാടുള്ളതല്ല.
7. 3 മൈക്ക് സ്റ്റേജിൽ പാടുന്നവർക്കും 2 മൈക്ക് Live Orchestra ക്കും നൽകുന്നതാണ്.
8. സമയ പരിധി 7 മിനിറ്റാണ്.

## ക്രിസ്ത്യൻ ഗ്രൂപ്പ് സോങ്ങ് (Christian group Song)

1. 6 മുതൽ 10 വരെ ആളുകൾക്ക് പങ്കെടുക്കാം
2. ഇൻസ്ട്രുമെന്റ്സ്, കരോക്കെ തുടങ്ങിയവ അനുവദനീയമല്ല
3. ഓരോ ടീമിലും കുറഞ്ഞത് 3 ആൺകുട്ടികൾ അല്ലെങ്കിൽ പുരുഷന്മാർ / 3 പെൺകുട്ടികൾ അല്ലെങ്കിൽ സ്ത്രീകൾ ഉണ്ടായിരിക്കണം
4. പാട്ട് , താളം, വസ്ത്രാലങ്കാരം ഇവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്.
5. ക്രിസ്ത്യൻ ഗാനങ്ങൾ മാത്രമേ അവതരിപ്പിക്കാവൂ.
6. മലയാളത്തിലുള്ള ഗാനങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു
7. 5 മൈക്ക് സ്റ്റേജിൽ നൽകുന്നതാണ്.
8. സമയ പരിധി 8 മിനിറ്റാണ്.

# ഗ്രൂപ്പ് ഡാൻസ് (Group Dance)

## (Christian songs or Songs with Moral Values)

1. ഒരു ഗ്രൂപ്പിൽ 3 മുതൽ 7 വരെ അംഗങ്ങൾ ആകാവുന്നതാണ്.

2. **മലയാളത്തിൽ ഉള്ള ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ മാത്രം ഉപയോഗിക്കുക.**

3. മറ്റു മതസ്ഥരുടെ മതബിംബങ്ങളോ പ്രതീകങ്ങളോ ഉപയോഗിക്കാൻ പാടുള്ളതല്ല.

4. മത്സരത്തിന് മുൻപ് ഡാൻസിന്റെ ഗാനം മാത്രമടങ്ങുന്ന ഫ്ളാഷ് ഡ്രൈവ് ചെസ്റ്റ് നമ്പർ രേഖപ്പെടുത്തി മത്സരത്തിന് 15 മിനിറ്റ് മുൻപ് ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ്. മറ്റ്പാട്ടുകൾ ആ ഫ്ളാഷ് ഡ്രൈവിൽ ഉണ്ടാവാൻ പാടുള്ളതല്ല.

5. പരിശീലകരുടേയോ, നൃത്താദ്ധ്യാപകരുടേയോ മറ്റുള്ളവരുടേയോ സഹായം സ്റ്റേജിലോ, സ്റ്റേജിനു പുറകിലോ അനുവദനീയമല്ല.

6. നൃത്തസംവിധാനം, ചുവടുകൾ, താളം, ചമയം, വസ്ത്രാലങ്കാരം, പാട്ട് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്.

7. സ്റ്റേജിൽ ലഭ്യമായ ശബ്ദവും വെളിച്ചവും മാത്രമേ ഉപയോഗിക്കാൻ പാടുള്ളു

8. **സമയപരിധി 5 മിനിറ്റ് ആയിരിക്കും**

## മാർഗ്ഗംകളി (Margam kali)Female

1. 8 മുതൽ 10 വരെ ആളുകൾക്ക് പങ്കെടുക്കാം
2. തനതായ മാർഗ്ഗംകളി പാട്ട് മത്രമേ മത്സരത്തിന് ആലപിക്കാവൂ.
3. റെക്കോർഡ് ചെയ്ത ഗാനങ്ങൾ ഉപയോഗിക്കാൻ പാടില്ല.
4. നിലവിളക്ക് ആവശ്യമെങ്കിൽ സ്റ്റേജിൽ ഉപയോഗിക്കാം
5. ഒന്നോ രണ്ടോ വ്യക്തികൾക്ക് ഗാനം ആലപിക്കാം. ഇവരിൽ ഒരാൾക്ക് ഒരു ഇലത്താളം ഉപയോഗിക്കം
6. 2 മൈക്ക് സ്റ്റേജിൽ നൽകുന്നതായിരിക്കും
7. ചെസ്റ്റ് നമ്പർ വിളിച്ച് മണി അടിച്ച് ടീം സ്റ്റേജിൽ പ്രവേശിച്ചതിന് ശേഷം ഒരു മിനിറ്റിനകം, സ്റ്റാർട്ടിങ്ങ് ബെല്ലോടുകൂടി മത്സരം ആരംഭിക്കേണ്ടതാണ്. 9 മിനിറ്റ് പൂർത്തി ആയതിനുശേഷം അവസാന ബെൽ അടിക്കുന്നതായിരിക്കും.
8. സമയ പരിധി 9 മിനിറ്റാണ്.

# ഓപ്പൺ ക്യാൻവാസ്

1. മത്സരത്തിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് ക്യാൻവാസ് നൽകുന്നതായിരിക്കും
2. വിഷയം മത്സരം ആരംഭിക്കുനതിന് 15 മിനിറ്റ് മുൻപ് നൽകുന്നതാണ്.
3. മത്സരം നടക്കുമ്പോൾ മറ്റുള്ളവരുടെ സഹായം സ്വീകരിക്കാൻ പാടുള്ളതല്ല.
4. ബ്രഷ്, പെയിന്റ് എന്നിവ മത്സരാർത്ഥി തന്നെ കൊണ്ടുവരേണ്ടതാണ്.
5. വരച്ച് കഴിഞ്ഞതിന് ശേഷം സ്റ്റേജ് മാനേജരുടെ അടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പിന്നീട് മാറ്റങ്ങൾ വരുത്താൻ പാടുള്ളതല്ല.
6. Open Canvas, Spot Registration ആയതിനാലും ജനറൽ കാറ്റഗറി ആയതിനാലും മത്സരത്തിനു പോയിന്റ് ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വിജയികൾക്ക് ട്രോഫികൾ നല്കുന്നതാണ്.

# ലഘുനാടകം

1. ബൈബിളിനെ ആസ്പദമാക്കി മലയാളത്തിലുള്ള ലഘു നാടകങ്ങളാണ് അവതരിപ്പിക്കേണ്ടത്.
2. സ്റ്റേജിൽ ലഭ്യമായ ശബ്ദവും വെളിച്ചവും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

3. റെക്കോർഡ് ചെയ്ത സംഭാഷണവും ഗാനങ്ങളും ഉപയോഗിക്കാൻ പാടുള്ളതല്ല.
4. റെക്കോർഡ് ചെയ്ത പശ്ചാത്തലസംഗീതം അനുവദനീയമാണ്.

5. റെക്കോർഡ് ചെയ്ത പശ്ചാത്തലസംഗീതം ഉപയോഗിക്കുന്നില്ലായെങ്കിൽ, ലഘുനാടകത്തിന് പശ്ചാത്തല സംഗീതത്തിനായി രണ്ട് ഇൻസ്ട്രുമെന്റ്സ് ഉപയോഗിക്കാവുന്നതാണ്. അതാത് ഏരിയയിൽ നിന്നുള്ള SMCA അംഗങ്ങൾ ആയിരിക്കണം ഇൻസ്ട്രുമെന്റ്സ് വായിക്കേണ്ടതാണ്.

6. കുറഞ്ഞത് 6 പേരെങ്കിലും സ്റ്റേജിൽ അഭിനയിച്ചിരിക്കണം.
7. നാടകാവിഷ്കാരത്തിന് പങ്കെടുക്കാവുന്ന പരമാവധി അംഗങ്ങളുടെ എണ്ണം 15 ആയിരിക്കും. ( Musicions, Light & Sound Assistants and Anchor ഉൾപ്പെടെ )

8. ചെസ്റ്റ് നമ്പർ വിളിച്ച് മണി അടിച്ചതിനു ശേഷം മാത്രമേ സ്റ്റേജ് ഒരുക്കുന്നതിന് വേണ്ടി സ്റ്റേജിൽ പ്രവേശിക്കാൻ പാടുള്ളൂ. സ്റ്റേജ് ഒരുക്കുന്നതിന് 5 മിനിറ്റ് വരെ സമയം നൽകുന്നതായിരിക്കും. 5 മിനിറ്റിനുള്ളിൽ സ്റ്റേജ് ഒരുക്കം പൂർത്തിയായിട്ടില്ലെങ്കിലും നാടകം തുടങ്ങുന്നതിനുള്ള ബെല്ല് അടിക്കുന്നതായിരിക്കും. നാടകം തുടങ്ങുന്നതിനുള്ള ബെല്ല് അടിച്ചതിനുശഷം 15 മിനിറ്റ് പൂർത്തിയാകുമ്പോൾ അവസാന ബെല്ലടിക്കുന്നതായിരിക്കും. അതായത് നാടകാവതരണത്തിനുള്ള പരമാവധി സമയപരിധി 15 മിനിറ്റ് മാത്രമായിരിക്കും.

9. രംഗ സജ്ജീകരണത്തിനായി പ്രൊപ്പർട്ടികൾ നാടകത്തിന് ഉപയോഗിക്കാവുന്നതാണ്.

10. ബൈബിൾ സംഭവങ്ങളുടേയോ കഥകളുടെയോ ആവിഷ്കാരമയിരിക്കണം നാടകം. ഒരു വചനത്തേയോ ബൈബിൾ ആശയത്തെയോ വിപുലീകരിച്ചുകൊണ്ട് ഭാവനാപൂർവ്വം സൃഷ്ടിക്കുന്ന നാടക ആവിഷ്കാരം പരിഗണിക്കുന്നതല്ല. എന്നാൽ ബൈബിളിലെ ഒരു സംഭവം / കഥ നാടകമയി ആവിഷ്കരിക്കുന്നതിന്, ആധുനിക സംവിധാനങ്ങൾ, അവതാരകൻ, കോറസ്സ്, നൃത്തചുവടുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

11. ഏറ്റവും നല്ല അഭിനേതാവിനും അഭിനേത്രിക്കും പ്രത്യേക പുരസ്കാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

12. മത്സരം നടക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും ഒരു വിധത്തിലുമുള്ള സഹായം സ്വീകരിക്കാൻ പാടുള്ളതല്ല.